

തനിക്ക് ജീവിതവും ജീവിക്കാൻ ഈ ഭൂമിയും തന്നത് അല്ലാഹുവാണെന്ന്, താൻ ശ്വസിക്കുന്ന ഓരോ ശ്വാസവും കുടിക്കുന്ന ഓരോ തുള്ളി വെള്ളവും അവന്റെ മാത്രം ഔദാര്യമാണെന്ന് സമ്മതിക്കുന്ന വർക്ക് അവനെ ധിക്കരിക്കാനോ നിഷേധിക്കാനോ കഴിയുന്നതെങ്ങനെ?

# ഖുർആൻ ബോധനം

എ.വൈ.ആർ

### സൂറ - 22

# അൽഹജ്ജ്

65. അല്ലാഹു ഭൂമിയിലുള്ളതെല്ലാം നിങ്ങൾക്കു വേണ്ടി വിധേയമാക്കി വെച്ചിരിക്കുന്നത് നീ കണ്ടിട്ടില്ലേയോ? അവന്റെ ആജ്ഞാനുസാരം സമുദ്രത്തിൽ സഞ്ചരിക്കുന്ന കപ്പലിനെയും? വാനലോകത്തെ അവന്റെ അനുമതിയില്ലാതെ ഭൂമിയിൽ പതിക്കാതിരിക്കാൻ പിടിച്ചു നിർത്തുന്നു. തീർച്ചയായും അല്ലാഹു മർത്യരോട് ഏറെ കനിവും കാരുണ്യവുമുള്ളവനാകുന്നു.

أَلَمْ تَرَ أَنَّ ٱللَّهَ سَخَّرَ لَكُم مَّا فِى ٱلْأَرْضِ وَٱلْفُلْكَ تَجْرِى
فِى ٱلْبَحْرِ بِأَمْرِهِۦ وَيُمْسِكُ ٱلسَّمَآءَ أَن تَقَعَ عَلَى ٱلْأَرْضِ إِلَّا بِإِذْنِهِۦٓ ۗ
إِنَّ ٱللَّهَ بِٱلنَّاسِ لَرَءُوفٌ رَّحِيمٌ ﴿٦٥﴾

**65**

أَلَمْ تَرَ = നീ കണ്ടിട്ടില്ലേയോ أَنَّ ٱللَّهَ سَخَّرَ لَكُم = നിശ്ചയമായും അല്ലാഹു നിങ്ങൾക്കു വേണ്ടി വിധേയമാക്കി വെച്ചിരിക്കുന്നു

مَّا فِى ٱلْأَرْضِ = ഭൂമിയിലുള്ളത് (ഒക്കെയും) وَٱلْفُلْكَ = കപ്പലിനെയും (വിധേയമാക്കിത്തന്നിരിക്കുന്നു)

تَجْرِى فِى ٱلْبَحْرِ = സമുദ്രത്തിൽ സഞ്ചരിക്കുന്നു بِأَمْرِهِۦ = അവന്റെ ആജ്ഞാനുസാരം

وَيُمْسِكُ ٱلسَّمَآءَ = വാനലോകത്തെ അവൻ പിടിച്ചു നിർത്തുന്ന

أَن تَقَعَ عَلَى ٱلْأَرْضِ = അത് ഭൂമിയിൽ പതിക്കുന്നത് (പതിക്കാതിരിക്കാൻ) إِلَّا بِإِذْنِهِۦٓ = അവന്റെ അനുമതിയില്ലാതെ

إِنَّ ٱللَّهَ بِٱلنَّاسِ = തീർച്ചയായും അല്ലാഹു മനുഷ്യരോട് لَرَءُوفٌ = ഏറെ കനി(വും)വുറ്റവൻ തന്നെയാകുന്നു

رَّحِيمٌ = കാരുണികനായ (കാരുണ്യമുള്ളവനുമാകുന്നു)

ഭൂമിയിലുള്ളതൊക്കെയും അല്ലാഹു നിങ്ങൾക്കുവേണ്ടി വിധേയമാക്കി വെച്ചിരിക്കുന്നു- أَنَّ ٱللَّهَ سَخَّرَ لَكُم مَّا فِى ٱلْأَرْضِ - എന്നതിന്റെ താൽപര്യം ഭൂമിയും അതിന്റെ പ്രകൃതിയും പരിസ്ഥിതിയും അതിലുള്ള വിഭവങ്ങളുമെല്ലാം മർത്യജീവിതത്തിന് സഹായകമായ വിധത്തിൽ സംവിധാനിച്ചു പ്രവർത്തിപ്പിച്ചുകൊണ്ടിരിക്കുന്നു എന്നാണ്. ഭൂമിയും അതിന്റെ പ്രകൃതിയുമൊന്നും ഭൗതികവാദികൾ ധരിക്കുന്നതു പോലെ യാദൃഛികമായി ഉളവായതോ, ഏതെങ്കിലും ശക്തിയുടെയോ യുക്തിയുടെയോ നിയന്ത്രണമില്ലാതെ പ്രവർത്തിക്കുന്നതോ അല്ല. പ്രത്യുത പ്രപഞ്ചസ്രഷ്ടാവ് ആസൂത്രണം ചെയ്ത

പദ്ധതിപ്രകാരം ഉളവായതും നിലനിൽക്കുന്നതുമാകുന്നു. ഒരു ആദികാരണവുമില്ലാതെ ഒരു കാര്യവും ഉളവാകുന്നില്ല. യാദൃഛികമായി വല്ല കാര്യവും ഉളവായാൽ തന്നെ അത് ഭൂമിയിലെ മനുഷ്യൻ എന്ന മറ്റൊരു യാദൃഛിക അസ്തിത്വത്തിന്റെ താൽപര്യം പൂർത്തികരിച്ചുകൊണ്ട് യുഗയുഗാന്തരങ്ങൾ നിലനിൽക്കുകയുമില്ല. ഈ ലോകത്ത് മനുഷ്യന് ലഭിച്ച ജന്മം അല്ലാഹുവിന്റെ ഔദാര്യവും അനുഗ്രഹവും കാരുണ്യവും കനിവുമാണ്. സകല പ്രാപഞ്ചിക പ്രതിഭാസങ്ങളും മനുഷ്യസേവനത്തിൽ നിരതമായിരിക്കുന്നു. ഈ സേവകരുടെ അഭാവത്തിൽ ഈ ഭൂമിയിൽ മനുഷ്യ ജന്മം അസാധ്യമാകുമായിരുന്നു.

ഭൂമിയെ അല്ലാഹു വിധേയമാക്കി വെച്ചിട്ടുള്ളത് മനുഷ്യർക്കു വേണ്ടിയാണ്, മറ്റു സൃഷ്ടികൾക്കു വേണ്ടിയല്ല. എന്നാൽ മനുഷ്യ ജന്മം സാധ്യമാകുന്ന വിധത്തിൽ മാത്രമല്ല ഭൂമിയെ സംവിധാനിച്ചിരിക്കുന്നത്. ഭൂമിയുടെ സംവിധാനം തിര്യക്കുകളുടെ നിലനിൽപിനു കൂടി അനുകൂലമാണ്. ജന്മം സാധ്യമാക്കുന്നതോടൊപ്പം ജീവിതം സുഗമവും വികസ്വരവുമാക്കുന്നതിനു വേണ്ടി ഭൗമവിഭവങ്ങളും പ്രതിഭാസങ്ങളും മനുഷ്യന് കൈകാര്യം ചെയ്യാൻ പാകത്തിലാണ് വിന്യസിച്ചിരിക്കുന്നത്. തിര്യക്കുകൾക്ക് ഈ കാര്യശേഷിയില്ല. ഇവയുടെ നിലനിൽപും മനുഷ്യന്റെ നിലനിൽപിനുവേണ്ടിയുള്ളതാണ്. മനുഷ്യന് മുമ്പേ മനുഷ്യനേക്കാൾ കനവും കരുത്തുമുള്ള എത്രയോ ജീവികൾ ഭൂമിയിൽ വസിച്ചുവരുന്നു. അവയൊക്കെയും ഇന്ദ്രിയ പരിധിയിൽപെട്ട വിഭവങ്ങൾ ഭോഗം ചെയ്തു വാഴുക മാത്രമേ ചെയ്യുന്നുള്ളൂ. ഒരു മൃഗവും കപ്പലുണ്ടാക്കുകയോ കടലിൽ സഞ്ചരിക്കുകയോ ചെയ്യുന്നില്ല. റോഡുകളും തോടുകളുമുണ്ടാക്കുന്നില്ല. അണക്കെട്ടുകളുണ്ടാക്കുന്നില്ല. കൃഷി ചെയ്യുന്നില്ല. പാർക്കാൻ വീടുകൾ പോലും നിർമിക്കുന്നില്ല. മനുഷ്യനോ, കോട്ട കൊത്തളങ്ങളും മഹാസൗധങ്ങളും നിർമിക്കുന്നു. വായുവിന്റെയും വെള്ളത്തിന്റെയും മരത്തടികളുടെയും ലോഹങ്ങളുടെയും സാധ്യതകളുപയോഗിച്ച് കപ്പലുണ്ടാക്കി കടലിൽ സഞ്ചരിക്കുന്നു. ആകാശത്തിൽ പറക്കുന്നു. വായു വേഗത്തിൽ ഭൂമിയിൽ ഓടി നടക്കുന്നു. അവന്റെ ഭക്ഷണം, വസ്ത്രം, പാർപ്പിടം, സഞ്ചാരം എല്ലാം നാൾക്കുനാൾ പരിവർത്തിതവും വികസിതവുമായിക്കൊണ്ടിരിക്കുന്നു. ഭൗമപ്രകൃതിയെ ദൈവം നമുക്കുവേണ്ടി സംവിധാനിച്ചതുകൊണ്ടാണിതെല്ലാം സാധ്യമാകുന്നത്. മനുഷ്യേതര ജന്തുജാലങ്ങൾക്കു കൂടി കൈകാര്യം ചെയ്യാനാണ് പ്രകൃതി സംവിധാനപ്പെട്ടിരുന്നതെങ്കിൽ ഒന്നാമത്തെ മനുഷ്യൻ തന്നെ പ്രകൃതിവിഭവങ്ങൾ സ്വന്തമാക്കുന്നതിലും പ്രതിഭാസങ്ങളെ കൈകാര്യം ചെയ്യുന്നതിലും തിര്യക്കുകളുമായി മത്സരിക്കേണ്ടിവരുമായിരുന്നു. വിഭവ സമാഹരണത്തിൽ മനുഷ്യർ തമ്മിലുള്ള മത്സരം തന്നെ പലപ്പോഴും ചോരപ്പുഴകളൊഴുകാനും കൂട്ടനശീകരണത്തിനും ഇടയാക്കുന്നത് നാം കാണുന്നുണ്ടല്ലോ. നമ്മെക്കാൾ എണ്ണത്തിലും വണ്ണത്തിലും വളരെ കൂടുതലുള്ള ജന്തുക്കളോടുകൂടി മത്സരിക്കേണ്ടിവന്നിരുന്നുവെങ്കിൽ അവസ്ഥ എന്തായിരിക്കുമെന്ന് ഊഹിക്കാവുന്നതേയുള്ളൂ.

ഇനി ഭൂമിയും ഭൗമവിഭവങ്ങളും സംവിധാനിച്ചു പാലിച്ചു പോകുന്നത് ഏകനായ അല്ലാഹുവല്ലാതെ പല ദൈവങ്ങൾ ചേർന്നാണെന്ന് സങ്കൽപ്പിക്കുക. എങ്കിൽ ഈ സംവിധാനം ഇങ്ങനെ അഭംഗുരം നിലനിൽക്കുമായിരുന്നില്ല. لَوْ كَانَ فِيهِمَآ ءَالِهَةٌ إِلَّا ٱللَّهُ لَفَسَدَتَا (വാന ലോകത്തും ഭൂലോകത്തും അല്ലാഹുവല്ലാതെയും ദൈവങ്ങളുണ്ടായിരുന്നുവെങ്കിൽ രണ്ടും തകർന്ന് പോയതുതന്നെ- 21:22). ഭൂമിയിലെ വിഭവങ്ങളുടെ ഉടമസ്ഥതയും നിയന്ത്രണാധികാരവും പൂർണമായി മനുഷ്യന് ഏൽപിച്ചുകൊടുത്തിരുന്നുവെങ്കിലും ഫലം ഇതു തന്നെയായിരിക്കും. ലഭിച്ചിട്ടുള്ള പരിമിതമായ പ്രാതിനിധ്യാധികാരം മനുഷ്യൻ എങ്ങനെ ഉപയോഗിക്കുന്നുവെന്നതു തന്നെ അതിന്റെ വ്യക്തമായ തെളിവാകുന്നു.

قُل لَّوْ أَنتُمْ تَمْلِكُونَ خَزَآئِنَ رَحْمَةِ رَبِّىٓ إِذًا لَّأَمْسَكْتُمْ خَشْيَةَ ٱلْإِنفَاقِ ۚ

وَكَانَ ٱلْإِنسَـٰنُ قَتُورًا ﴿١٠٠﴾

(പ്രവാചകൻ അവരോട് പറയുക: വിധാതാവിന്റെ അനുഗ്രഹ ഖജനാവുകളെങ്ങാനും നിങ്ങളുടെ ഉടമസ്ഥതയിലാണെങ്കിൽ ചെലവായിത്തീരുമെന്ന് ഭയന്ന് നിങ്ങളതത്രയും പിടിച്ചുവെച്ചതുതന്നെ. മനുഷ്യൻ മഹാ ലോഭിതനാകുന്നു- 17:100).

പ്രകൃതി ശക്തികളെ ജീവിത വികാസത്തിനുള്ള ഉപകരണങ്ങളും ഉപാധികളുമാക്കി മാറ്റുന്നത് മനുഷ്യന്റെ ബുദ്ധിവൈഭവം കൊണ്ടും സാമർഥ്യം കൊണ്ടും മാത്രമാണെന്ന് വിചാരിച്ചു കൂടാ. പുരോഗതിയുടെ മാർഗങ്ങൾ കണ്ടെത്താൻ ബുദ്ധിയുടെ പ്രയോഗം തീർച്ചയായും ആവശ്യമാണ്. അവന് ലഭിച്ച ആ ബുദ്ധിയും അല്ലാഹുവിന്റെ ഔദാര്യമാണെന്ന വസ്തുത അനിഷേധ്യമാകുന്നു. അവന്റെ അനുമതിയില്ലാതെ ഒന്നു വിരലനക്കാൻ പോലും ഒരു സൃഷ്ടിക്കുമാവില്ല. സമുദ്രത്തിൽ സഞ്ചരിക്കുന്ന മഹായാനങ്ങളുടെ കാര്യമെടുക്കുക. ദൈവഹിതത്താൽ ഭൂതലത്തിൽ വളർന്ന മരങ്ങളും, ഭൂമിക്കടിയിൽ നിക്ഷിപ്തമായ ലോഹങ്ങളുമുപയോഗിച്ചാണത് നിർമിതമായത്. ജലത്തിനും വായുവിനും അല്ലാഹു നിശ്ചയിച്ചുകൊടുത്ത സ്വഭാവവും വ്യവസ്ഥകളുമനുസരിച്ചാണത് തിരമാലകൾ കീറിമുറിച്ച് സഞ്ചരിക്കുന്നത്. കപ്പലിനെ ചലിപ്പിക്കുന്ന കാറ്റിന് അൽപം ശക്തി കൂടിയാൽ അതു കൊടുങ്കാറ്റായി, കടൽ ക്ഷോഭമായി കപ്പൽ മുങ്ങിപ്പോകുന്നു. അതായത് കപ്പൽ നിരപായം സഞ്ചരിക്കുന്നുവെങ്കിൽ അത് അല്ലാഹുവിന്റെ ആജ്ഞാനുസാരമാണ്. ഇനി വാനലോകത്തേക്ക് നോക്കുക: അതിൽ എണ്ണമറ്റ ക്ഷീരപഥങ്ങൾ, ലക്ഷോപലക്ഷം സൗരയൂഥങ്ങൾ, കോടാനുകോടി ഗ്രഹോപഗ്രഹങ്ങൾ.... മനുഷ്യ ദൃഷ്ടിക്ക് കാണാൻകഴിയുന്നതിലേറെയാണ് കാണാൻ കഴിയാത്തവ. ചിലത് ഈ ഭൂമിയെക്കാൾ ചെറുതാണെങ്കിൽ പലതും ഭൂമിയുടെ അനേകമിരട്ടി വലിപ്പം കൂടിയതാണ്. ചിലത് ആളിക്കത്തിക്കൊണ്ടിരിക്കുന്നു. എല്ലാം എന്നും അതിവേഗം സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. പക്ഷേ, ഒന്നും ഭൂമിയുമായി കൂട്ടിമുട്ടുന്നില്ല. ഒന്നിന്റെയും ഭാഗം ഭൂമിയിലേക്കടർന്നു വീഴുന്നില്ല. നക്ഷത്രജാലങ്ങളെ ഭൂമിയിൽ പതിക്കാതെ വാനലോകത്തു പിടിച്ചു നിർത്തിയിരിക്കുന്നതും അല്ലാഹുവാണ്.

ഇങ്ങനെ നോക്കിയാൽ ഈ ലോകത്ത് മനുഷ്യൻ അനുഭവിക്കുന്നതൊന്നുംതന്നെ അവന്റെ ധിഷണ കൊണ്ടും ശാസ്ത്ര വിജ്ഞാനം കൊണ്ടും ആർജിക്കുന്നതല്ല. അതെല്ലാം അല്ലാഹുവിന്റെ കനിവ് കൊണ്ടും കാരുണ്യം

കൊണ്ടും ലഭിക്കുന്നതാകുന്നു. ഇതാണ് ഈ സന്ദർഭത്തിൽ إِنَّ ٱللَّهَ بِٱلنَّاسِ لَرَءُوفٌ رَّحِيمٌ എന്ന പിൻവാക്യത്തിന്റെ താൽപര്യം.

ദൈവിക ശിക്ഷയിറങ്ങുന്നത് ഉടനെ കാണിച്ചു തരണമെന്ന് പ്രവാചകനെ നിർബന്ധിച്ചിരുന്ന കൊടിയ സത്യനിഷേധികൾക്കുള്ള താക്കീതും ഈ വചനം ഉൾക്കൊള്ളുന്നുണ്ട്. അതായത്, നമ്മുടെ ശിക്ഷക്കു വേണ്ടി ബഹളം കൂട്ടാതിരിക്കുക. ശിക്ഷ വരാൻ വൈകുന്നുവെങ്കിൽ അതു നമുക്ക് പ്രയാസമേറിയ കാര്യമായതു കൊണ്ടല്ല; മറിച്ച് മനുഷ്യരോടുള്ള നമ്മുടെ കനിവിന്റെയും കാരുണ്യത്തിന്റെയും താൽപര്യമായിട്ടാകുന്നു. ഈ അവസരം ഉപയോഗപ്പെടുത്തി ജീവിതം സംസ്കരിക്കുകയാണ് നിങ്ങൾക്കു കരണീയമായിട്ടുള്ളത്. ■

---

وَهُوَ ٱلَّذِىٓ أَحْيَاكُمْ ثُمَّ يُمِيتُكُمْ ثُمَّ يُحْيِيكُمْ ۗ إِنَّ ٱلْإِنسَٰنَ لَكَفُورٌ ﴿٦٦﴾

**66.** നിങ്ങളെ ജീവിപ്പിക്കുകയും പിന്നെ മരിപ്പിക്കുകയും പിന്നെയും ജീവിപ്പിക്കുകയും ചെയ്യുന്നവനത്രെ അവൻ. എന്നാൽ മനുഷ്യൻ തീരെ നന്ദികെട്ടവൻ തന്നെ.

**66**

وَهُوَ = അവൻ ٱلَّذِىٓ أَحْيَاكُمْ = നിങ്ങളെ ജീവിപ്പിച്ചവൻ(വിപ്പിക്കുകയും)

ثُمَّ يُمِيتُكُمْ = പിന്നെ നിങ്ങളെ മരിപ്പിക്കുന്നവനും(മരിപ്പിക്കുകയും)

ثُمَّ يُحْيِيكُمْ = പിന്നെയും നിങ്ങളെ ജീവിപ്പിക്കുന്നവനാകുന്നു (ജീവിപ്പിക്കുകയും ചെയ്യുന്നവനത്രെ)

إِنَّ ٱلْإِنسَٰنَ = എന്നാൽ തീർച്ചയായും മനുഷ്യൻ لَكَفُورٌ = തീരെ നന്ദികെട്ടവൻ, കൊടിയ നിഷേധി തന്നെ

ഒടുവിൽ മരണാനന്തര ജീവിതം അനുസ്മരിപ്പിക്കുകയാണ്. ഈ ലോകത്ത് ദൈവശിക്ഷയൊന്നും വന്നുകാണാത്തതിനാൽ തങ്ങളനുവർത്തിക്കുന്ന അധർമങ്ങളും അക്രമങ്ങളും കുറ്റകരമോ ശിക്ഷാർഹമോ അല്ല എന്നു സമാധാനിക്കുകയാണ് സത്യനിഷേധികൾ. എന്നാൽ അവരെ സൃഷ്ടിച്ചത് അല്ലാഹുവാണ്. പിന്നീട് മരിപ്പിക്കുന്നതും അവൻ തന്നെ. ഇക്കാര്യത്തിൽ ഏതെങ്കിലും തരത്തിൽ ദൈവ വിശ്വാസം പുലർത്തുന്നവർക്കൊന്നും തർക്കമില്ല. ഒരിക്കൽ ജീവൻ നൽകുകയും പിന്നെ മരിപ്പിക്കുകയും ചെയ്ത ദൈവത്തിന് മരിച്ചവരെ വീണ്ടും ജീവിപ്പിക്കാൻ കഴിയുമെന്നത് ലളിതമായ സത്യമാണ്. അതിനാൽ എല്ലാവരും ഒരുനാൾ അല്ലാഹുവിങ്കലേക്ക് തിരിച്ചെത്തുമെന്ന് ഓർത്തുകൊള്ളുക. യഥാർഥ രക്ഷാ ശിക്ഷകൾ അവിടെയാണ് നേരിടേണ്ടിവരിക. ഖുർആനും പ്രവാചകനും പ്രബോധനം ചെയ്യുന്ന ഈ സന്ദേശം അവിതർക്കിതമാകുന്നു. അതിനെ നിഷേധിക്കുന്ന മനുഷ്യൻ കൊടിയ കൃതഘ്നൻ തന്നെയാകുന്നു. إِنَّ ٱلْإِنسَٰنَ لَكَفُورٌ എന്ന വാക്യം മനുഷ്യൻ അനുവർത്തിക്കുന്ന എല്ലാ ദൈവ ധിക്കാരങ്ങളുടെയും അടിസ്ഥാന കാരണമാണ് പ്രകാശിപ്പിക്കുന്നത്. അഥവാ തനിക്ക് ജീവിതമരുളുകയും ഭൂമിയിലുള്ള സകലതും തന്റെ ജീവിതം നിലനിർത്തുന്നതിനും വികസിപ്പിക്കുന്നതിനും ഉതകുംവിധം സംവിധാനിക്കുകയും തനിക്ക് വിധേയമാക്കിത്തരുകയും ചെയ്ത അല്ലാഹുവിനോട് നന്ദിയില്ലായ്മ. അവനോട് തനിക്കുള്ള ബാധ്യതകൾ നിഷേധിക്കൽ. ഒരുവനിൽ നിന്ന് ലഭിച്ച ഔദാര്യം വേണ്ടുവോളം അനുഭവിക്കുന്നതോടൊപ്പം ആ ഉദാരനെ അംഗീകരിക്കാൻ വിസമ്മതിക്കുകയും അയാളോടുള്ള ബാധ്യത തീരെ നിഷേധിക്കുകയും ചെയ്യുന്നവനാണ് كفور (കൃതഘ്നൻ). ഈ കൃതഘ്നതയാണ് സകല ദൈവ ധിക്കാരത്തിന്റെയും പ്രഭവകേന്ദ്രം. തനിക്ക് ജീവിതവും ജീവിക്കാൻ ഈ ഭൂമിയും തന്നത് അല്ലാഹുവാണെന്ന്, താൻ ശ്വസിക്കുന്ന ഓരോ ശ്വാസവും കുടിക്കുന്ന ഓരോ തുള്ളി വെള്ളവും അവന്റെ മാത്രം ഔദാര്യമാണെന്ന് സമ്മതിക്കുന്നവർക്ക് അവനെ ധിക്കരിക്കാനോ നിഷേധിക്കാനോ കഴിയുന്നതെങ്ങനെ? ■

**Matrimonial**

ബഹ്റൈനിൽ നെറ്റ്‌വർക്ക് എഞ്ചിനീയറായി ജോലി ചെയ്യുന്ന യുവാവ് (26/180cm). നാദാപുരം. കോഴിക്കോട്, മലപ്പുറം ജില്ലകളിലുള്ള ദീനീ വിദ്യാഭ്യാസമുള്ള യുവതികളുടെ രക്ഷിതാക്കളിൽനിന്ന് ആലോചനകൾ ക്ഷണിക്കുന്നു.
**9400222510, 0097333324949**

മുസ്‌ലിം യുവതി (30/155cm). MAഅറബിക്. വിവാഹമോചിത. മലപ്പുറം ജില്ല. ആലോചനകൾ ക്ഷണിക്കുന്നു.
**8086187665, 9656556573**